# മരിയൻ ദൂത്

St. Mary's Knanaya Catholic Parish of Chicago

**Vol XV - Issue 028** July 6, 2025 | www.smkcparish.us | (847) 583 2910 | skmudakodi@gmail.com | 7800 Lyons st, Morton Grove, IL-60053

## നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും



ശ്ലീഹാക്കാലത്തിലെ അഞ്ചാം ഞായറാഴ്ചയായ ഇന്ന് തിരുസഭാമാതാവ് വിചിന്തനത്തിനായി നൽകിയിരിക്കുന്നത് വി. ലൂക്കായുടെ സുവിശേഷം 12-ാം അധ്യായം 22 മുതൽ 34 വരെയുള്ള വചനങ്ങളാണ്. അനുദിന ജീവിതത്തിലെ അനുഭവങ്ങളിലൂടെ, മനോഹരമായ പ്രബോധനങ്ങളും ആശയങ്ങളും ശിഷ്യന്മാരെ പഠിപ്പിക്കുന്ന ഈശോയെ സുവിശേഷത്തിന്റെ താളുകളിൽ നാം കാണുന്നുണ്ട്. അത്തരത്തിൽ ദൈവപരിപാലനയിൽ ആശ്രയിക്കുവിൻ എന്ന മനോഹരചിന്തയാണ് ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുന്നത്. ഒരു യുവാവ്, പിതൃസ്വത്ത് താനുമായി പങ്കുവയ്ക്കാൻ സഹോദരനോടു പറയുക എന്ന് ഈശോയോട് അഭ്യർഥിക്കുന്നു. വ്യക്തിയുടെ ചോദ്യം ഒരു രീതിയിൽ പ്രസക്തമാണ്. കാരണം, യഹൂദപശ്ചാത്തലത്തിൽ പുരുഷന്മാർക്കു മാത്രമാണ് സ്വത്തവകാശം ലഭിച്ചിരുന്നത്. അതിൽതന്നെ മൂത്തപുത്രന് ഒരു പങ്ക് കൂടുതലായിരിക്കും. അതിൽ വിഷമിച്ച വ്യക്തിയോട് സമ്പത്തിൽ പൂർണ്ണമായി ആശ്രയിക്കരുതെന്ന സത്യം ബോധ്യപ്പെടുത്തിയതിന്റെ തുടർച്ചയാണ് ഇന്നത്തെ തിരുവചനഭാഗം.

ഇവിടെ നശ്വരമായതിൽ ആശ്രയിക്കാതെ ദൈവത്തിൽ ആശ്രയിക്കുക എന്ന് ഈശോ ശിഷ്യന്മാരെ പഠിപ്പിക്കുന്നു. ആകാശത്തിലെ പറവകളെ ദൈവം എത്ര മനോഹരമായി കാത്തുപരിപാലിക്കുന്നു. കാക്കകളെ നോക്കുവിൻ; അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല. അവയ്ക്ക് കലവറയോ, കളപ്പുരയോ ഇല്ല. എങ്കിലും ദൈവം അവയെ തീറ്റിപ്പോറ്റുന്നു. എത്ര മനോഹരമായിട്ടാണ് വയലിലെ ലില്ലിയെ അവിടുന്ന് അണിയിച്ചൊരുക്കുന്നത്. സോളമൻ പോലും തന്റെ സർവമഹത്വത്തിലും ഇവയിലൊന്നിനെപ്പോലെ അലംകൃതനായിരുന്നില്ല. അതിനാൽ ഉത്കണ്ഠരാകരുത് എന്നതാണ് ഇന്നത്തെ സുവിശേഷം നൽകുന്ന ആദ്യത്തെ ചിന്ത. സാധാരണ, മനുഷ്യർ അസ്വസ്ഥരാകുന്നത് തങ്ങളുടെ കഴിവിനതീതമായ കാര്യങ്ങൾ ജീവിതത്തിൽ സംഭവിക്കുമ്പോഴാണ്.

നമുക്കെല്ലാവർക്കും പരിചിതമായ ഒരു വസ്തുവാണ് കപ്പി. ഗ്രീസിലെ ശാസ്ത്രജ്ഞനായ ആർക്കമെഡീസാണ് ഇതിന്റെ ഉപജ്ഞാതാവ് എന്നാണ് കരുതപ്പെടുന്നത്. ഒരു വസ്തുവിന്റെ ഭാരം കുറയ്ക്കാനും അതിനെ ചലിപ്പിക്കാനും സാധനങ്ങൾ വലിച്ചുകയറ്റാനും കപ്പിക്കു സാധിക്കുമെന്ന് അദ്ദേഹം കണ്ടെത്തി. ആ കാലത്തിലാണ് പുരാതന സിസിലിയിലെ രാജാവായിരുന്ന ഹെയ്റോ അദ്ദേഹത്തിന്റെ നാവികർക്കുവേണ്ടി വലിയൊരു കപ്പൽ നിർമ്മിച്ചത്. അത് കടലിലിറക്കാൻ എത്ര ശ്രമിച്ചിട്ടും ഭടന്മാർക്കു സാധിച്ചില്ല. ഈ സാഹചര്യത്തിൽ ആർക്കമെഡീസ് മുന്നോട്ടുവന്ന് നിരവധി കപ്പികൾ ഉപയോഗിച്ചു കൂട്ടിഘടിപ്പിച്ച് അനായാസം കപ്പൽ കടലിലിറക്കി. ഇതുപോലെ ദൈവത്തിന്റെ കൈകളിൽ നമ്മുടെ ജീവിതങ്ങളെ ചേർത്തുപിടിക്കുമ്പോൾ, ദൈവത്തിലാശ്രയിച്ച് നമ്മുടെ പദ്ധതികളെ ക്രമീകരിക്കുമ്പോൾ നമ്മുടെ ജീവിതവും അനായാസം മുന്നോട്ടുപോകും, ജീവിതം സുന്ദരമാകും. "തന്നിൽതന്നെ ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും ആശ്രയിച്ചുകൊണ്ട് നമ്മൾ ജീവിക്കണ"മെന്ന് ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നു. "സ്വന്തം കഴിവിൽ ആശ്രയിച്ച് ഉത്കണ്ഠാകുലരാകാതെ ദൈവകരുണയിൽ ആശ്രയിക്കുവിൻ" എന്നാണ് സഭാപിതാവായ വി. അംബ്രോസ് പറയുന്നത്.

അങ്ങനെ ഉത്കണ്ഠാരാകാതെ ദൈവത്തിലാശ്രയിച്ച് സ്വർഗത്തിൽ നിക്ഷേപം കരുതിവയ്ക്കണം എന്നതാണ് മൂന്നാമത്തെതും അവസാനത്തേതുമായ ചിന്ത. കാരണം, അവിടെ ചിതൽ നശിപ്പിക്കുകയോ, കള്ളന്മാർ തുരന്നു മോഷ്ടിക്കുകയോ ഇല്ല. നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവും എന്നുപറഞ്ഞാണ് സുവിശേഷം അവസാനിക്കുന്നത്.

ചുരുക്കത്തിൽ അനുദിനജീവിതത്തിൽ സമ്പത്തിൽ അമിതമായി ആശ്രയിക്കാതെ, ഉത്കണ്ഠാകുലരാകാതെ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാൻ നമുക്കു ശ്രദ്ധിക്കാം. ഈശോ ഓർമ്മപ്പെടുത്തുന്നു, "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുവിൻ. ബാക്കിയുള്ളതെല്ലാം അതിനോട് കൂട്ടിച്ചേർക്കപ്പെടും." അതിനുള്ള കൃപയ്ക്കായി ആത്മാർഥമായി നമുക്കു പ്രാർഥിക്കാം.

# Church Schedule

## HOLY Qurbana in MALAYALAM

Sunday 8.:00 AM, 10: 00 AM & 5.30 PM
Monday - Friday 8:15 AM
Monday-Thursday 7:00PM
Saturday - 10:00AM

## HOLY QURBANA IN ENGLISH

Sunday - 11:40 AM
Friday - 6:00 PM

## NOVENA (AFTER HOLY QURBANA)

Tuesday: St. Anthony
Thursday: St.Jude
Saturday: Our Lady of Perpectual Help
1st Wednesday: St. Michael

## CONFESSION

Everyday before Holy Qurbana

## RELIGIOUS EDUCATION

Sunday: 10:00AM

## ADORATION CHAPEL

9:00AM - 9:00 PM




## അഞ്ചാം ഞായർ

### ദൈവപരിപാലനയിൽ ആശ്രയിക്കുക

**Scripture Reading:**
**Lourde Matha Koodarayogam**

നിയ 1:33-46
കല്പനകളനുസരിച്ച് ജീവിക്കുക.

ഏശ 1:21-31
അനീതി പ്രവർത്തിക്കുന്നവരുടെമേൽ ദൈവകോപം.

1 കോറി 14:1-12
വിവിധ വരങ്ങളുടെ ലക്ഷ്യം സ്നേഹം.

ലൂക്കാ 12:22-34
ദൈവപരിപാലനയിൽ ആശ്രയിക്കുക.

## CONTACT INFORMATION

Fr. Siju Mudakodil (Vicar): (210)630 2295
Fr. Anish Maveliputhenpura (Asst. Vicar): 773 423 7292
Sr. Shalom S.V.M (Parish Secratry): (626)247-0340
Sabu Kattapuram(Trustee Cordinator): (847) 791 1452
Lukose Poozhikunnel (Trustee) : (708)917 9989
George Mattathilparambil (Trustee): (847)606 1642
Binu Poothurayil (Trustee): (847)644 9869
Nibin Vettikkattil (Youth Trustee): (773)934 3535
James Mannakulathil (Accountant): (312)622 3326
Sunny Meledam (Secratary): (773)550 1995
Anil Mattathikunnel (P.R.O): (773)280 3632
Saji Poothrukayil (DRE): (847) 293 9409
Maneesh Kaimoolayil (Asst. DRE): (773)550 6328
Peter Kulangara(Funeral Cordinator): (847)951 4476
Visitation Convent: (847) 603 8881

## MARK YOUR CALENDER

July 20: Parish Day
July 30- Aug 1: CCD Summer Camp
August 3 : Main Feast: Flag Hoisting
August 10: Main Parish Feast
August 15: Assumption of Our Lady
August 21: Feast of St. Pius X
August 28: Feast of St. Augustine
September 1: Eight days fast begins
September 5: Feast of St. Theresa of Calcutta
September 8: Nativity of Bl. Virgin Mary

# TRUST IN DIVINE PROVIDENCE
## A CALL TO LET GO OF ANXIETY AND EMBRACE GOD'S CARE



Today, on the Fifth Sunday of the Season of the Apostles, the Holy Mother Church offers for our reflection a passage from the Gospel of St. Luke, Chapter 12, verses 22 to 34. In these verses, we witness Jesus teaching his disciples through the experiences of daily life, conveying beautiful insights and instructions. One such profound lesson Jesus imparts is the call to trust in Divine Providence.

A young man approaches Jesus with a request to ask his brother to share the inheritance with him. In the Jewish context, this was a valid concern—inheritance rights were typically reserved for men, and the firstborn often received a double portion. Responding to this, Jesus teaches that one must not place their full trust in wealth or material possessions. The passage we reflect on today continues this thought.

Here, Jesus instructs his disciples not to rely on the perishable but to place their trust in God. He speaks of how beautifully God provides for the birds of the air. "Consider the ravens," he says—"they neither sow nor reap; they have neither storehouse nor barn, yet God feeds them." He also points out how gloriously the lilies of the field are clothed—greater than even Solomon in all his splendor. Thus, the first message of today's Gospel is: Do not be anxious.

Typically, human beings become restless when they face situations beyond their control. Let's consider a familiar object—the pulley. It is believed that Archimedes, the Greek scientist, was its inventor. He discovered that pulleys could be used to reduce weight, move objects, and lift things with less effort. During his time, the ancient king of Sicily, Hiero, had commissioned a large ship to be built for his navy. Despite much effort, his soldiers were unable to launch it into the sea. Archimedes then designed a system of pulleys and effortlessly launched the ship into the water.

Similarly, when we place our lives into God's hands and align our plans with His will, life moves forward smoothly and beautifully. As Pope Francis reminds us: "Let us live, not relying solely on ourselves, but trusting in God's mercy and providence." Likewise, Saint Ambrose, one of the Fathers of the Church, teaches us: "Do not be anxious depending on your strength, but trust in God's mercy."

Thus, the third and final message of today's Gospel is this: Store up treasures in heaven, not on earth, where moths do not destroy and thieves cannot steal. "Where your treasure is, there your heart will be also," Jesus says, concluding the Gospel.

In summary, let us learn to trust fully in God in our daily lives, avoiding an excessive dependence on wealth and material comforts, and steering away from anxiety. Jesus reminds us: "Seek first the Kingdom of God and His righteousness, and all these things will be added unto you." Let us earnestly pray for the grace to live this message.

# ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവിന് സ്വീകരണവും മുതിർന്നവരുടെ സംഗമവും പ്രൗഢഗംഭീരമായി നടത്തപ്പെട്ടു.


















# St.Mary's

## Knanaya Catholic Parish of Chicago



# ആദരാഞ്ജലികൾ



## K C. Chacko (86),

## Pazhayidathu, Kothanalloor.

F/O Molgeena & Mathew Thattamattam

**Funeral :**

July 5th 2025 at 3pm

St. Thomas Knanaya Catholic Parish

Kuruppunthara





# St. Mary's

## Knanaya Catholic Parish of Chicago

## ആദരാഞ്ജലികൾ



# Luke Thomas(65)
# Chakkalapadavil

## B/O Mathew & Simon Chakkalapadavil

Wake Service: July 9th Wednesday 5.00pm
Funeral : July 10th Thursday 9.00am

Holy Family Knanaya Catholic Church, Atlanta

St. Mary's
# Knanaya Catholic Parish of Chicago










# പരിശുദ്ധ ദൈവമാതാവിന്റെ ദർശനതിരുനാൾ

**2025 August 3, Sunday - August 11, Monday**

മെൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപെടുന്ന ഈ വർഷത്തെ പരിശുദ്ധ ദൈവമാതാവിന്റെ ദർശന തിരുനാളിൽ പ്രസുദേന്തിമാരായ എല്ലാ കുടുംബങ്ങളിലെയും പുരുഷന്മാർ, തിരുനാൾ ഒരുക്കങ്ങളിൽ പങ്കുചേരണമെന്ന് മെൻ മിനിസ്ട്രി കോർഡിനേറ്റേഴ്സ് അറിയിക്കുന്നു. അതോടൊപ്പം തിരുനാൾ ദിവസങ്ങളിൽ കൂടാരയോഗങ്ങളുടെയും ഇടവകയിലെ വിവിധ മിനിസ്ട്രികളുടെയും ആഭിമുഖ്യത്തിൽ നടത്തപെടുന്ന കലാസന്ധ്യകളിൽ പങ്കുചേരുവാനായി ഏവരെയും ക്ഷണിക്കുന്നു. കലാപരിപാടികൾ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ അതാത് കൂടാരയോഗം കോർഡിനേറ്റേഴ്സുമായോ, മിനിസ്ട്രി കോർഡിനേറ്റേഴസുമായോ ബന്ധപെടപെടേണ്ടതാണ്.

St. Mary's
Knanaya Catholic Parish of Chicago

# Malayalam Class

*and*

# ഉണ്ണികളരി

# 2025

**Every Tuesday and Wednesday from 11 AM-12:30 PM.**
**Ages 5 and up.**

**Visitation convent sisters and CCD teachers will lead the classes.**


St.Mary's
Knanaya Catholic Parish of Chicago
PARISH DAY
CELEBRATIONS
JULY 20th | SUNDAY| 10.00 am
Main Celebrant: Mar Joy Alappatt
Holy Mass
Fun Games
Food
Join us for a joyful community celebration here!
15th Year Celebrations



# St. Mary's Knanaya Catholic Church

## "THE SHRINE OF GUADALUPE" & MEXICO CITY

From Chicago
September 4-7, 2025

ALL-INCLUSIVE PACKAGE
featuring 5-star hotels







## TOUR HIGHLIGHTS

### Day 1

- Morning arrival in Mexico City & breakfast
- Visit the City, including the Zocalo, view the National Palace, Mass in the Basilica of Guadalupe
- After lunch, visit the Museum of Anthropology

### Day 2

- Pyramids of Teotihuacan & Coyoacan
- Lunch at Gran Teocalli in Teotihuacan
- Church of San Juan Bautista & Church of El Carmen

### Day 3

- Visit Mexico city and historic and Chapultepec Park Mass
- at Basilica of Our Lady of Ocotlan
- Shrine of San Miguel Del Milagros

### Day 4

- Visit Basilica of Guadalupe and Mass at the Basilica
- Shopping and transfer to the airport

**Group Leaders**
**Rev. Fr. Siju Mundakkodil**
**Johnikutty Pillaveettil**
847-924-3493

(847) 759-0899 | www.mathewstour.com | info@mathewstour.com